## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4852 — 18.12.2014-ൽ മറുപടിയ്ക്ക്

## പൊതുമരാമത്ത് വകുപ്പിലെ പ്രവർത്തികൾ പൂർത്തിയാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി.പി.മുഹമ്മദ്<br>,, കെ.ശിവദാസൻ നായർ<br>,, പി.എ.മാധവൻ<br>,, വർക്കല കഹാർ | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ അകാരണമായി കാലതാമസം വരുത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (എ) | പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം വരുത്തുന്നത് തടയാൻ എഗ്രിമെന്റ് പ്രകാരമുള്ള സമയത്തിന്റെ പകുതി സമയം മാത്രമേ പരമാവധി നീട്ടിക്കൊടുക്കാവൂ എന്നും PWD Manual-ൽ പറഞ്ഞിട്ടുണ്ട്. കൂടാതെ താമസം വരുത്തുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കാനും മാന്വലിൽ വ്യവസ്ഥയുണ്ട്. |
| (ബി) | ഇതിനായി കോൺട്രാക്ടേഴ്സ് രജിസ്ട്രേഷൻ നിയമം പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിൽ ഇക്കാര്യങ്ങൾ ഉൾക്കൊള്ളിക്കുന്നുണ്ട്. ജി.ഒ.(എം.എസ്) നം. 59/2013/PWD തീയതി 17.07.2013 പ്രകാരം കോൺട്രാക്ട് രജിസ്ട്രേഷൻ നിയമം പരിഷ്കരിച്ചിട്ടുണ്ട്. |
| (സി) | കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാതെ കാലതാമസം വരുത്തുന്ന കരാറുകാരിൽ നിന്ന് കരാർ പ്രകാരം പിഴ ഈടാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ വരുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി)&(ഡി): | കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാത്ത കരാറുകാരനിൽ നിന്ന് പിഴ ഈടാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുതുക്കിയ മാന്വലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഡി) | ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ